"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കാട്ടുകുളം , എ.കെ.എൻ.എം.എം.എ.എം ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി.രാജശ്രീ.കെ.പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 6473/2022-യിലെ ബഹു. ഹൈക്കോടതിയുടെ 8/06/2023 ലെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2753/2024/GEDN   തീയതി,തിരുവനന്തപുരം, 20-04-2024

---

പരാമർശം:-

1. 06.01.2022 ലെ സ.ഉ(സാധാ)നം.91/2022/പൊവിവ.
2. റിട്ട് ഹർജി നം. 6473/2022-യിലെ ബഹു. ഹൈക്കോടതിയുടെ 08/06/2023 ലെ വിധിന്യായം.
3. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.09.2023 ലെ DEOMKD/1461/2023-B4 നം. കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05.09.2023 ലെ DDEPKD/988/2022-B5 നം. കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.09.2023ലെ ഇ.എം 1/13033/2023 ലെ കത്ത്.

**ഉത്തരവ്**

പാലക്കാട്, എ.കെ.എൻ.എം.എം.എ.എം ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി.രാജശ്രീ.കെ.പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 6473/2022-യിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം(2) വിധിന്യായത്തിൽ പരാമർശം(1) സർക്കാർ ഉത്തരവ് (എക്സി പി 7 ) റദ്ദാക്കിയും പ്രസ്തുത വിഷയം ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം പുന:പരിശോധിക്കുന്നതിനായി 1-ാം എതിർ കക്ഷിയായ സർക്കാരിനെ നിർദ്ദേശിച്ചിരിക്കുന്നു.

2. ഹർജിക്കാരിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 07.09.2023 ന് നേരിൽ കേട്ടു. ഹർജിക്കാരിയുടെയും വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും വാദങ്ങൾ ചുവടെചേർക്കുന്നു.

<u>ഹർജിക്കാരി</u>

3. ഹർജിക്കാരി 27.06.2019 മുതൽ പ്രാബല്യത്തിൽ അംഗീകൃത എഫ്.ടി.എം ആയി ജോലി

ചെയ്തു വരുന്നു. നിയമന സമയത്ത് ഹർജിക്കാരിയുടെ പ്രായം 36 കവിഞ്ഞതായി ഓഡിറ്റിൽ കണ്ടെത്തുകയും ടിയാളുടെ നിയമനം റദ്ദാക്കേണ്ടതാണെന്നും നിരീക്ഷിച്ചു. ഹർജിക്കാരി 2019 മുതൽ സർവീസിൽ തുടരുകയാണ്. 09.12.2019 ലെ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം(എക്സി.P1) പ്രകാരം ടിയാളുടെ നിയമനം അംഗീകരിച്ചു. 25.06.2021 ലെ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം (എക്സി .P2) അടിസ്ഥാനമാക്കി, അപേക്ഷകൻ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 36 കവിഞ്ഞുവെന്ന് പ്രസ്താവിച്ചുകൊണ്ട് നിയമനം റദ്ദാക്കേണ്ടതാണെന്ന് കണ്ടെത്തി. ശ്രീമതി.രാജശ്രീ.കെ.പിയുടെ നിയമനം , നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ റദ്ദ് ചെയ്യുവാൻ പൊവി ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹർജിക്കാരിക്ക് പ്രായത്തിൽ ഇളവ് നൽകുന്നതിന് കെ.ഇ.ആർ ചട്ടം 3 ചാപ്റ്റർ I പ്രകാരമുള്ള അധികാരം വിനിയോഗിക്കണമെന്ന അപേക്ഷ പരിഗണിച്ചില്ല . ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന ഉയർന്ന പ്രായപരിധി ശ്രദ്ധിക്കാതെ നിയമനം അംഗീകരിക്കുന്നതിൽ വിദ്യാഭ്യാസ അതോറിറ്റികളുടെ ഭാഗത്തും തെറ്റുണ്ട്. ഹർജിക്കാരി കഴിഞ്ഞ രണ്ടര വർഷമായി ജോലി ചെയ്ത് വരുന്നു. ഇത്തരം സാഹചര്യങ്ങളിൽ, റൂൾ 3 ചാപ്റ്റർ I കെ.ഇ.ആർ പ്രകാരമുള്ള അധികാരങ്ങൾ ഈ കേസിന്റെ പ്രത്യേക വസ്തുതകളിലും സാഹചര്യങ്ങളിലും പ്രയോഗിക്കാനാകുമോ എന്ന് സർക്കാർ പരിഗണിക്കുവാനും ഈ കേസിന്റെ സവിശേഷമായ വസ്തുതകളിലും സാഹചര്യങ്ങളിലും നീതിയുക്തമായ വീക്ഷണത്തോടെ സർക്കാർ വിഷയം പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ</u>

4. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിൽ വരുന്ന കാട്ടുകുളം എ.കെ.എൻ.എം.എം.എ.എം.എച്ച്.എസിലെ ശ്രീമതി.രാജശ്രീ.കെ.പി.ക്ക് 27/06/2019 മുതലുള്ള ഫുൾടൈം മീനിയൽ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിരുന്നു. പ്രസ്തുത സ്കൂളിലെ എഫ്.ടി.എം. ആയിരുന്ന ശ്രീമതി.ഷെല്ലി.പി.കെ.ക്ക് 17/06/2019 മുതൽ ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ശ്രീമതി.രാജശ്രീ.കെ.പി.യെ നിയമിച്ചിരുന്നത്.

5. ശ്രീമതി.രാജശ്രീ.കെ.പി , എഫ്ടി.എം ആയി നിയമനാംഗീകാരം ലഭിച്ച് ജോലി ചെയ്തു വരവെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ ഓഡിറ്റിൽ, നിയമന തിയതിയിൽ അപേക്ഷകയ്ക്ക് നിശ്ചിത പ്രായപരിധി കഴിഞ്ഞു എന്ന് കണ്ടെത്തുകയും ടി നിയമനം അംഗീകരിച്ചതിൽ വിയോജിപ്പ് രേഖപ്പെടുത്തുകയും ഉണ്ടായി.

6. ശ്രീമതി.രാജശ്രീയുടെ ജനനത്തീയതി 19/02/1981 ആണ്. 01/01/2019-ന് ടിയാരിക്ക് 37

വയസ് പൂർത്തിയായി. കെ.ഇ.ആർ അധ്യായം 24(ബി) റൂൾ(5)പ്രകാരം നിയമനാർത്ഥിക്ക് നിയമനം നടത്തുന്ന വർഷത്തിലെ ജനുവരിമാസം 1 ന് പൂർത്തിയായ വയസ്സാണ് പരിഗണിക്കേണ്ടത്. എയ്ഡഡ് സ്കൂൾ അനധ്യാപകരുടെ നിയമനത്തിനുള്ള പ്രായപരിധി സർക്കാർ ജീവനക്കാരുടേതിന് സമാനമാണ്. ഹർജിക്കാരിയുടെ പ്രായം 01/01/2019ന് 37 വയസ്സ് കഴിഞ്ഞിട്ടുണ്ട്. നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞതിനാൽ റദ്ദ് ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

7. ശ്രീമതി.രാജശ്രീക്ക് നിയമനാംഗീകാരം നൽകിയ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ വിഷയത്തിൽ ഹിയറിംഗ് നടത്തുകയും 27/06/2019 മുതൽ 31/07/2021 വരെ ശമ്പളയിനത്തിൽ ടിയാരി വാങ്ങിയ 5,73,139/- രൂപ നിയമനം നൽകിയ വിദ്യാഭ്യാസ ആഫീസറുടെ ബാധ്യതയായി തിട്ടപ്പെടുത്തുകയും ടി തുക നാലായി വിഭജിച്ച് ഫയൽ കൈകാര്യം ചെയ്ത മറ്റ് ഉദ്യോഗസ്ഥരുടെ ബാധ്യതയായി നൽകിയിരുന്നു.

<u>വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് / ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്</u>

8. പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കാട്ടുകളം എകെ.എൻ.എം.എം.എ.എം ഹൈസ്കൂൾ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്നു. ടി സ്കൂളിലെ എഫ്.ടി.എം. ആയിരുന്ന ശ്രീമതി.ഷെല്ലി.പി.കെ.യ്ക്ക് ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 27/06/2019 മുതൽ ശ്രീമതി.രാജശ്രീ.കെ.പി.യെ എഫ്.ടി.എം. ആയി മാനേജർ നിയമിച്ചു ടി നിയമനം മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിരുന്നു

9. ഓഡിറ്റ് പരിശോധനയിൽ ശ്രീമതി.രാജശ്രീ.കെ.പിയ്ക്ക് നിയമന വർഷം ജനുവരി1-ന് 37 വയസ്സ് പൂർത്തിയായിട്ടുണ്ടെന്ന് കണ്ടെത്തുകയും നിയമനത്തിൽ തടസ്സവാദം ഉന്നയിക്കുകയും ചെയ്തു. വിദ്യാഭ്യാസ ഉപഡയറക്ടർ തടസ്സവാദം ഉന്നയിച്ച സാഹചര്യത്തിൽ ടിയാരിയുടെ നിയമനം റദ്ദ് ചെയ്യുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ടിയാരിയുടെ 2021 ജൂലൈ മുതലുള്ള ശമ്പളം റദ്ദ് ചെയ്യുന്നതിനായി പ്രധാനാധ്യാപകന് നിർദേശം നൽകുകയും ചെയ്തു. ഇതിനെതിരെ ശ്രീമതി.രാജശ്രീ.കെ.പി സർക്കാരിൽ റിവിഷൻ ഹർജിയും ബഹു: ഹൈക്കോടതി മുൻപാകെ റിട്ട് ഹർജി നം.15412/21 ഫയൽ ചെയ്യുകയും ചെയ്യുകയും ടി റിട്ട് ഹർജിയിലെ വിധിന്യായം പരാമർശം(1) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിനെതിരെ ടിയാൾ ഫയൽ ചെയ്ത റിട്ട് ഹർജി നം.6473/22 -യിലെ പരാമർശം(2) വിധിന്യായത്തിൽ പരാമർശം(1) സർക്കാർ ഉത്തരവ് (എക്സ്റ്റി പി 7) റദ്ദാക്കുകയും ഈ വിഷയം സർക്കാരിനോട് പുന:പരിശോധിക്കാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു.

10. നിലവിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27/05/2023 ലെ നടപടിക്രമം പ്രകാരം ശ്രീമതി.രാജശ്രീ.കെ.പി. 27/06/19 മുതൽ 31/07/21 വരെ ശമ്പളയിനത്തിൽ വാങ്ങിയ 5,73,139 /- രൂപ 4 ഭാഗമായി വിഭജിച്ച് ടിയാരിയുടെ നിയമന ഫയൽ കൈകാര്യം ചെയ്ത ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേഴ്സണൽ അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്, സെക്ഷൻ ക്ലർക്ക് എന്നിവർക്ക് ബാധ്യത

നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട് .

11. സർക്കാർ ഈ വിഷയം നിലവിലെ സർക്കാർ ഉത്തരവുകളുടെയും വിദ്യാഭ്യാസ നിയമങ്ങളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

12. റൂൾ 3 ചാപ്റ്റർ I KER പ്രകാരമുള്ള അധികാരങ്ങൾ ഈ കേസിന്റെ പ്രത്യേക വസ്തുതകളിലും സാഹചര്യങ്ങളിലും പ്രയോഗിക്കാനാകുമോ എന്ന് സർക്കാർ പരിഗണിക്കുവാനും ഈ കേസിന്റെ സവിശേഷമായ വസ്തുതകളിലും സാഹചര്യങ്ങളിലും നീതിയുക്തമായ വീക്ഷണത്തോടെ സർക്കാർ ഈ വിഷയം പുനഃപരിശോധിക്കണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്.

13. ഈ കേസിൽ ഹർജിക്കാരിക്ക് നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞിട്ടുണ്ട്. കെ.ഇ.ആർ അധ്യായം 24(ബി) റൂൾ (5) പ്രകാരം നിയമനാർത്ഥിക്ക് നിയമനം നടത്തുന്ന വർഷത്തിലെ ജനുവരി മാസം 1 ന് പൂർത്തിയാകുന്ന വയസ്സാണ് പരിഗണിക്കുന്നത്. ജനറൽ കാറ്റഗറിയിൽ നിയമനത്തിനുള്ള പ്രായപരിധി 36 വയസ്സാണ്. 19.02.1981 ജനനതീയതിയായ ഹർജിക്കാരിക്ക് നിയമന വർഷം 01.01.2019 ന് 37 വയസ്സ് പിന്നിട്ടു. കെ.ഇ.ആർ റൂൾ 3 ചാപ്റ്റർ I പ്രകാരമുള്ള അധികാരങ്ങൾ ഈ കേസിന്റെ പ്രത്യേക വസ്തുതകളിലും സാഹചര്യങ്ങളിലും പ്രയോഗിക്കാനാകുമോ എന്ന് സർക്കാർ പരിഗണിക്കുവാനും ഈ കേസിന്റെ സവിശേഷമായ വസ്തുതകളിലും സാഹചര്യങ്ങളിലും നീതിയുക്തമായ വീക്ഷണത്തോടെ സർക്കാർ ഈ വിഷയം പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

14. സാധാരണയായി മുൻകാല സേവനത്തിന്റെ അടിസ്ഥാനത്തിൽ സിദ്ധിച്ചിട്ടുള്ള 51 A അവകാശികൾ, ടി മാനേജ്മെന്റിൽ ഉള്ള മുൻകാല സേവനം എന്നിവ ഉള്ള അധ്യാപക/അനധ്യാപകർക്കാണ് നിയമനാംഗീകാരത്തിനായി സർക്കാർ വയസ്സിളവ് അനുവദിക്കുന്നത്. ഇവിടെ ഹർജിക്കാരിക്ക് 51 A അവകാശമോ, മുൻകാല സേവനമോ ഉള്ളതായി പരാമർശമില്ലാത്തതിനാൽ പ്രത്യേക കേസായി പരിഗണിച്ച് വയസ്സിളവ് നൽകേണ്ട ആവശ്യകതയില്ലെന്ന് നിരീക്ഷിക്കുന്നു.

15. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലക്കാട്, കാട്ടുകുളം എ.കെ.എൻ.എം.എം.എ.എം ഹയർ സെക്കന്ററി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീമതി.രാജശ്രീ.കെ.പിയ്ക്ക് നിയമനത്തിനുള്ള പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച പ്രത്യേക സാഹചര്യങ്ങളൊന്നും നിലവിലില്ലാത്തതിനാൽ ടിയാളുടെ നിയമനാംഗീകാരം സംബന്ധിച്ച വിഷയം പുന:പരിശോധിക്കേണ്ട ആവശ്യകതയില്ല എന്ന് കാണുന്നു. അപ്രകാരം റിട്ട് ഹർജി നം.

6473/2022-യിലെ ബഹു. ഹൈക്കോടതിയുടെ പരാമർശം(2) വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
ശ്രീമതി.രാജശ്രീ.കെ.പി, എഫ്.ടി.എം, എ.കെ.എൻ.എം.എം.എ.എം ഹയർ സെക്കന്ററി സ്കൂൾ, കാട്ടുകുളം ,പാലക്കാട്.
മാനേജർ, എ.കെ.എൻ.എം.എം.എ.എം ഹയർ സെക്കന്ററി സ്കൂൾ, കാട്ടുകുളം , പാലക്കാട്.
വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂമീഡിയ ) വിഭാഗം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Padmakumari B
Date: 22-04-2024 11:38:13

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.